"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - കൊല്ലം ജില്ലയിൽ പത്തനാപുരത്ത് പ്രവർത്തിക്കുന്ന ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആറാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.107/2026/CLAD തീയതി, തിരുവനന്തപുരം, 07-02-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ.
2. സ.ഉ.(സാധാ)നം.271/2025/സാം.കാ.വ. തീയതി 16.05.2025
3. സ.ഉ.(സാധാ) നം.373/2025/സാം.കാ.വ. തീയതി 10.07.2025
4. സ.ഉ.(സാധാ) നം.617/2025/സാം.കാ.വ. തീയതി 27.10.2025
5. സ.ഉ.(സാധാ) നം.713/2025/സാം.കാ.വ. തീയതി 06.12.2025
6. സ.ഉ.(സാധാ) നം. 24/2026/സാം.കാ.വ. തീയതി 12.01.2026
7. ഗാന്ധിഭവൻ സെക്രട്ടറിയുടെ 21.01.2026 തീയതിയിലെ GB/Bud Fund/2025-26/1388 നമ്പർ കത്ത്
8. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ 26.01.2026 തീയതിയിലെ എ2-755/25/സാം.വ. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിൽ പത്തനാപുരത്ത് പ്രവർത്തിക്കുന്ന ഗാന്ധിഭവൻ ഇന്റർ നാഷണൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും അഞ്ച് ഗഡുക്കളായി 13,00,000 രൂപ (പതിമൂന്ന് ലക്ഷം രൂപ മാത്രം) പരാമർശം (2) മുതൽ (6) വരെയുള്ള ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആറാം ഗഡു അനുവദിക്കുന്നതിനുള്ള സ്ഥാപന സെക്രട്ടറിയുടെ അപേക്ഷ പരാമർശം (8) പ്രകാരം സാംസ്കാരിക വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിൽ പത്തനാപുരത്ത് പ്രവർത്തിക്കുന്ന ഗാന്ധിഭവൻ ഇന്റർ നാഷണൽ ട്രസ്റ്റിന് 2025-26 സാമ്പത്തിക വർഷം 2205-00-102-77-54 (NV) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 4,00,000/- രൂപ (നാല് ലക്ഷം രൂപ മാത്രം) ആറാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം ഗാന്ധിഭവൻ ഇന്റർ നാഷണൽ ട്രസ്റ്റിന്റെ പത്തനാപുരം സബ് ട്രഷറിയിലുള്ള 799011400007925 എന്ന എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ്

ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

4. കൂടാതെ, അടുത്ത സാമ്പത്തിക വർഷം ആദ്യ ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ 2025-26 സാമ്പത്തിക വർഷം റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് വിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ്, PB No. 39, പത്തനാപുരം, കൊല്ലം, 689695
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3142021/EDN-D1/61/2025-FIN തീയതി 05.02.2026)
കരുതൽ ഫയൽ (A2/66/2025-CLAD)

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 09-02-2026 10:33:33